**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4201** **18-07-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) | വേമ്പനാട് കായലിൽ നിന്നും ഖനനം ചെയ്യുന്നതിന് നിരോധനം വന്നതിനാൽ 2015 മുതൽ മുഖ്യ അസംസ്കൃത വസ്തുവായ വെള്ള കക്ക ലഭ്യമല്ലാതായ സാഹചര്യത്തിൽ വിദേശ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ക്ലിങ്കർ ഉപയോഗിച്ചാണ് നിലവിൽ സിമന്റ് ഉല്പാദിപ്പിച്ച് വരുന്നത്. രണ്ടായിരമാണ്ട് മുതൽ നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഈ സ്ഥാപനം വിപണിയിലെ കടുത്ത മത്സരം മൂലം വില്പന കുറഞ്ഞതിനാലും അസംസ്കൃത വസ്തുവായ ക്ലിങ്കറിന്റെ വിലയിൽ വരുന്ന വർദ്ധനവുമൂലവും ദൈനംദിന ആവശ്യങ്ങൾക്കായി വേണ്ട പ്രവർത്തനമൂലധനത്തിന്റെ കടുത്ത അപര്യാപ്തത നേരിട്ടു വരുന്നതിനാലാണ് വിരമിക്കുന്ന ജീവനക്കാർക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന് താത്കാലിക തടസ്സം നേരിട്ടിട്ടുള്ളത്. |
| (ബി) | എത്ര ജീവനക്കാർക്കാണ് ഇനിയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കാനുള്ളതെന്നും ഏത് വർഷം മുതലുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങളാണ് കുടിശ്ശികയായിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | 104 പേർക്ക് ഗ്രാറ്റുവിറ്റി നൽകുവാനുണ്ട്. അതിൽ 2019 ഏപ്രിൽ മുതൽ 2020 മാർച്ച് വരെ വിരമിച്ച 38 പേർക്ക് അർഹമായ ഗ്രാറ്റുവിറ്റിയുടെ പകുതി തുക നൽകിയിട്ടുണ്ട്. 2020 ഏപ്രിൽ മുതൽ 2022 ജൂൺ മാസം വരെ വിരമിച്ച 66 പേർക്ക് മുഴുവൻ ഗ്രാറ്റുവിറ്റി തുകയും നൽകുവാനുണ്ട്. |
| (സി) | ഇത് എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | കമ്പനിയുടെ പുനരുദ്ധാരണത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചു വരുന്നു. ഇതിലൂടെ കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി നിലവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക ഉൾപ്പെടെയുള്ള ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത് |

സെക്ഷൻ ഓഫീസർ